## പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. **2146** 04.11.2019-ൽ മറുപടിക്ക്

### കടയ്ക്കൽ താലൂക്കാശുപത്രിയിൽ അനധികൃതമായി ഡോക്ടർ ജോലി ചെയ്ത സംഭവം

**ചോദ്യം**

**ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ**

**മറുപടി**

**ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**

(ആരോഗ്യവും സാമൂഹ്യ നീതിയും വനിതാ-ശിശു വികസനവും വകുപ്പ് മന്ത്രി)

(എ) കൊല്ലം ജില്ലയിലെ കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ 17.10.2019-ന് പുലർച്ചെ ആരോഗ്യ വകുപ്പിന്റെ വിജിലൻസ് വിഭാഗം നടത്തിയ പരിശോധനയിൽ ഡ്യൂട്ടി ഡോക്ടർക്ക് പകരം യോഗ്യതയില്ലാത്തതും സർവ്വീസിലോ കരാർ അടിസ്ഥാനത്തിലോ നിയമനം ഇല്ലാത്തതുമായ അപരൻ ഡോക്ടറെ പിടികൂടിയ സംഭവം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഏത് ഡോക്ടർക്ക് പകരമാണ് അപരൻ ജോലി ചെയ്തതെന്ന് വ്യക്തമാക്കാമോ;

(സി) ഇവിടെ അപരനായി ജോലി ചെയ്തതിന് ഇയാൾക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ഡി) പ്രസ്തുത അപരനെ ജോലി ചെയ്യാൻ അനുവദിച്ച ആശുപത്രി സൂപ്രണ്ടിനും ആർ.എം.ഒ ക്കുമെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഇ) സംസ്ഥാനത്ത് ഇത്തരത്തിൽ ഡ്യൂട്ടി ഡോക്ടർക്ക് പകരം അപരന്മാർ ജോലി ചെയ്യുന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്) കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ പരിശോധന നടത്തിയ ആരോഗ്യ വകുപ്പ് വിജിലൻസ് അഡീഷണൽ ഡയറക്ടർ ഡോ. ശ്രീലതയുടെ അന്വേഷണ റിപ്പോർട്ട് ലഭിച്ചിട്ടുണ്ടോ; എങ്കിൽ ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

(എ) യും (ബി)യും (സി)യു (ഡി)യും (ഇ)യും (എഫ്)ഉം

കൊല്ലം ജില്ലയിലെ കടയ്ക്കൽ താലൂക്ക് ആശുപത്രിയിൽ 17.10.2019 ന് ആരോഗ്യ വകുപ്പ് അഡീഷണൽ (വിജിലൻസ്) ഡയറക്ടർ നടത്തിയ പരിശോധനയിൽ, മുൻപ് ദേശീയ ആരോഗ്യ ദൗത്യത്തിന്റെ ഭാഗമായി ടി ആശുപത്രിയിൽ ജോലി ചെയ്തിരുന്നയാളും എന്നാൽ ആരോഗ്യവകുപ്പിൽ സ്ഥിരം നിയമനം നേടിയിട്ടില്ലാത്തയാളുമായ ഒരു ഡോക്ടർ ജോലി ചെയ്തിരുന്നതായി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് വിശദമായി പരിശോധിച്ചതിനു ശേഷം ആവശ്യമായ തുടർനടപടികൾ സ്വീകരിക്കുന്നതാണ്. സമാനമായ ഇത്തരം സംഭവങ്ങൾ സംസ്ഥാനത്ത് വേറെ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടില്ല.

സെക്ഷൻ ഓഫീസർ